## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **29.05.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 618**

## ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അനൂപ് ജേക്കബ് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്കിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്കിനു വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ ഊർജ്ജിതമായി നടന്നുവരികയാണ്. ഇതിനായി സർവേ ചെയ്ത **117 ഏക്കർ** ഭൂമിയുടെ സ്ഥലവില സർക്കാർ അംഗീകരിക്കുകയും ഈ വിലയിൽ **9.23 ഏക്കർ** ഭൂമി ഇതുവരെ (27.05.2019) കെ.എസ്.ഐ.ഡി.സി. യുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത വസ്തുക്കളെല്ലാം തുടർച്ചയായുള്ള ഭൂമിയാണ്. 8 ഉടമകളിൽ നിന്നു വാങ്ങിയിട്ടുള്ള ഈ ഭൂമിക്ക് നൽകുന്ന വിലയായ **16.50 കോടി രൂപ** എറണാകുളം (ജനറൽ പൊന്നും വില) തഹസിൽദാരാണ് നൽകുന്നത്. ട്രഷറി മുഖാന്തരമാണ് സ്ഥലവിലയുടെ വിതരണം നടക്കുന്നത്. ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ള ഭൂമിയോട് ചേർന്നുകിടക്കുന്ന ഭൂമിയിൽ സമ്മതപത്രം നൽകിയിട്ടുള്ളവരുടെ സ്ഥലം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളാണ് നടന്നുവരുന്നത്. ആകെ **134** ഉടമകൾ ഉള്ളതിൽ **63** പേർ സമ്മതപത്രം നൽകിയിട്ടുള്ളതാണ്. സ്ഥലമെടുപ്പ് പുരോഗമിക്കുന്ന മുറയ്ക്ക് മറ്റുള്ളവരുടെ സമ്മതപത്രം കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) | സ്ഥലമെടുപ്പ് നടപടികൾ വേഗത്തിലാക്കി പാർക്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | സ്ഥലമെടുപ്പ് പുരോഗമിയ്ക്കുന്ന മുറയ്ക്ക് പാർക്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**